മജിസ്ട്രേറ്റു കോടതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ട്. നിലവിലുള്ള മുൻഗണനാ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നിലവിലുള്ള ലിസ്റ്റിന്റെ മുൻഗണനാക്രമം പാലിച്ചും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്തും മാത്രമേ കോടതി സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

86 (1684) ഫയർഫോഴ്സ് ഡിപ്പാർട്ട്മെന്റിൽ ഡ്രൈവർ-കം ഓപ്പറേറ്റർ തസ്തികയിലെ ഒഴിവുകൾ.

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സ് ഡിപ്പാർട്ടുമെന്റിൽ ഡ്രൈവർ-കം-ഓപ്പറേറ്ററുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഈ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(സി) ഇതിൽ നിന്നും എത്രപേരെ നിയമിച്ചു;

(ഡി) ഈ ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും;

(ഇ) ഒഴിവുള്ള തസ്തികയിലേയ്ക്ക് ഈ ലിസ്റ്റിൽ നിന്നും ഉടനടി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫയർഫോഴ്സ് വകുപ്പിൽ ഫയർമാൻ-ഡ്രൈവർ-കം പമ്പ് ഓപ്പറേറ്ററുടെ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല.

(ബി) 11.3.1997-ൽ

(സി) 145 പേരെ നിയമിച്ചിട്ടുണ്ട്. 29 പേരുടെ ലിസ്റ്റ് കൂടി പി.എസ്.സി. യിൽ നിന്നും 6.9.1999-ന് ലഭിച്ചിട്ടുണ്ട്. അവരെ നിയമിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) 10.3.2000-ൽ

(ഇ) നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നികത്തുന്നതാണ്.

87 (1685) ഫോറസ്റ്റ് ഗാർഡ് നിയമനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറസ്റ്റ് ഗാർഡ് നിയമനത്തിന് പി.എസ്.സി പ്രസിദ്ധീകരിച്ച നിലവിലുള്ള ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചു;

(ബി) എത്ര ഒഴിവുകൾ ഇനിയും നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly